ന്യൂഡൽഹിയിലെ കേരളാ ഹൗസ് ഓഫീസ് വാടകകെട്ടിടത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച്

43 (1592) ശ്രീ. കെ. ശിവദാസൻനായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂഡൽഹിയിലെ കേരളാ ഹൗസ് ഓഫീസ് വാടകകെട്ടിടത്തിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് ഈ ഓഫീസ് വാടക കെട്ടിടത്തിലേക്ക് മാറ്റിയത് ;

(ബി) ഇപ്പോൾ പ്രവൃത്തിക്കുന്ന കെട്ടിടത്തിൽ നിന്നും പ്രസ്തുത ഓഫീസ് മാറ്റാൻ എന്താണ് കാരണം ;

(സി) പ്രസ്തുത ഓഫീസ് ഇപ്പോൾ എവിടേക്കാണ് മാറ്റിയത് ; ഈ കെട്ടിടത്തിന്റെ പ്രതിമാസവാടക എത്ര ;

(ഡി) പ്രസ്തുത ഓഫീസ് സ്ഥിതിചെയ്യുന്ന കെട്ടിടം പൊളിച്ചു മാറ്റി അവിടെ പുതിയ മന്ദിരം പണിയാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ന്യൂഡൽഹിയിലെ കേരളാഹൗസ് ഓഫീസ് വാടകകെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള അന്തിമ തീരുമാനം ആയിട്ടില്ല. കേരളാ ഹൗസ് പരിസരത്തുള്ള കൊച്ചിൻ ഹൗസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റസിഡന്റ് കമ്മീഷണറുടെയും മറ്റും ഓഫീസുകൾ 1-10-2010 മുതൽ ട്രാവൻകൂർ പാലസിലേക്ക് മാറ്റുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, കേരളാ ഹൗസിലെ ഓഫീസുകൾ ട്രാവൻകൂർ പാലസിലേക്ക് മാറ്റുന്നത് സുരക്ഷിതമല്ലായെന്നുള്ള പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം മാനിച്ച് പ്രസ്തുത ഉത്തരവ് നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ന്യൂഡൽഹി മുനിസിപ്പൽ കൗൺസിലിന്റെ അധീനതയിലുള്ള മോഹൻസിംഗ് പ്ലേസിലെ പുതിയ കെട്ടിടത്തിലേക്ക് ഓഫീസുകൾ മാറ്റുന്നതിന് വേണ്ടിയുള്ള വിശദമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഇപ്പോൾ ഓഫീസുകൾ പ്രവർത്തിക്കുന്ന കൊച്ചിൻ ഹൗസ് കാലപ്പഴക്കംകൊണ്ട് സുരക്ഷിതമല്ലാത്തതുകൊണ്ട്, ട്രാവൻകൂർ ഹൗസിന്റെ പുനരുദ്ധാരണത്തിനൊപ്പം കൊച്ചിൻ ഹൗസിന്റെ പുനരുദ്ധാരണവും നടത്തുന്നതിനായി തീരുമാനിച്ചതാണ് പ്രസ്തുത ഓഫീസ് ടി കെട്ടിടത്തിൽ നിന്നും മാറ്റാനുള്ള കാരണം.

(സി) ഉത്തരം (എ) യുടെ പശ്ചാത്തലത്തിൽ ഉദിക്കുന്നില്ല.

(ഡി) ഇല്ല. ടി കെട്ടിത്തിന്റെ പുനരുദ്ധാരണം മാത്രമേ ഇപ്പോൾ ചെയ്യുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly